ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.01.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). ഇന്ത്യയുടെ മെട്രോ ശൃംഖല ആയിരം കിലോമീറ്റർ കടന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യത്ത് വിവിധ റെയിൽവേ പദ്ധതികൾക്ക് ഇന്ന് പ്രധാനമന്ത്രി തുടക്കം കുറിക്കും.

India's metro network has crossed 1,000 km, says Prime Minister Narendra Modi. The Prime Minister will inaugurate various railway projects in the country today.

2). നിലമ്പൂർ ഫോറസ്റ്റ് ഓഫിസ് അക്രമവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ പി.വി. അൻവർ എംഎൽഎയെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.

MLA P V Anvar remanded for 14 days following his arrest in connection with the attack of the Nilambur Forest Office.

3). ഇന്ത്യ-യു.എസ് ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ കൂടിക്കാഴ്ച ഇന്ന് ന്യൂഡൽഹിയിൽ.

India-US National Security Advisors meet in New Delhi today.

4). കേരള സ്കൂൾ കലോത്സവം മൂന്നാം ദിവസത്തിലേക്ക്. കണ്ണൂർ ജില്ല മുന്നിൽ. 25 വേദികളിലായി ഇന്ന് 60 മത്സരയിനങ്ങൾ.

Kerala School Kalolsavam enters its third day. Kannur district is in the lead. 60 competitions will be held at 25 venues today.

5). ഇന്ന് യുദ്ധത്തിൽ അനാഥരാക്കപ്പെട്ട കുട്ടികൾക്കായുള്ള അന്താരാഷ്ട്ര ദിനം.

Today is International Day for Children Orphaned in War.

6). ഐ.എസ്.എൽ ഫുട്ബോളിൽ പഞ്ചാബ് എഫ്.സി യ്ക്കെതിരെ കേരളാ ബ്ലാസ്റ്റേഴ്സിന് വിജയം.

Kerala Blasters win against Punjab FC in ISL football.

=============================================

## PM JAMMU

ജമ്മു കാശ്മീരിൽ വിവിധ റെയിൽവേ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിലൂടെ നിർവഹിക്കും. മേഖലയിലെ റെയിൽ ഗതാഗത സമ്പർക്കം കൂടുതൽ വർധിപ്പിക്കുന്നതിനുള്ള, പുതിയ ജമ്മു റെയിൽവേ ഡിവിഷൻ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. തെലങ്കാനയിലെ ചാർലപ്പള്ളി ന്യൂ ടെർമിനൽ സ്റ്റേഷന്റെ ഉദ്ഘാടനവും ഈസ്റ്റ് കോസ്റ്റ് റെയിൽവേയുടെ കീഴിൽ പുതിയ റെയിൽവേ ഡിവിഷൻ കെട്ടിടത്തിന്റെ തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും.

=============================================

## PM METRO – (INTRO)

ഇന്ത്യയുടെ മെട്രോ ശൃംഖല ആയിരം കിലോമീറ്റർ എന്ന ശ്രദ്ധേയ നേട്ടം കൈവരിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. കേന്ദ്ര സർക്കാരിൻ്റെ നിലവിലെ ഭരണകാലത്ത് ലോകത്തിലെ രണ്ടാമത്തെ വലിയ മെട്രോ ശൃംഖലയായി ഇന്ത്യ മാറുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ഇന്ന്, രാജ്യത്തുടനീളമുള്ള 21 നഗരങ്ങളിൽ മെട്രോ സേവനം പ്രവർത്തനക്ഷമമാണെന്നും കഴിഞ്ഞ ദശകത്തിൽ മെട്രോ ശൃംഖലയുടെ വളർച്ചയിൽ മൂന്നിരട്ടി വർധന ഉണ്ടായിട്ടുണ്ടെന്നും ശ്രീ മോദി പറഞ്ഞു.

**(HOLD VOICE……)**

=============================================

## PM – AYURVEDA RESEARCH INSTITUTE

പരമ്പരാഗത വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട ആദ്യത്തെ ലോകാരോഗ്യ സംഘടന സ്ഥാപനം ഇന്ത്യയിൽ സ്ഥാപിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ലോകത്തിൻ്റെ ആരോഗ്യ-ക്ഷേമ തലസ്ഥാനമായി മാറാൻ ഇന്ത്യക്ക് ശേഷിയുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ സെൻട്രൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ

കെട്ടിടത്തിൻറെ ശിലാസ്ഥാപനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. ആയുഷ്, ആയുർവേദം തുടങ്ങിയ പരമ്പരാഗത ഇന്ത്യൻ ചികിത്സാ സമ്പ്രദായങ്ങളും സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു.

===============================================

## PV ANWAR MLA – (INTRO)

നിലമ്പൂരിൽ വനംവകുപ്പിൻറെ ഓഫീസ് ആക്രമിക്കുകയും നാശനഷ്ടമുണ്ടാക്കുകയും ചെയ്ത കേസിൽ റിമാൻഡിലായ പി.വി അൻവർ എം.എൽ.എ യെ ഇന്ന് പുലർച്ചെ രണ്ടരയോടു കൂടി തവനൂരിലെ സെൻട്രൽ ജയിലിൽ എത്തിച്ചു. അൻവറിനൊപ്പം കേസിൽ പ്രതി ചേർത്ത മറ്റ് നാല് പേരെയും തവനൂർ ജയിലിലാക്കിയിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു.**
**(VOICE..........)**

===============================================

## INDIA US NSA MEETING

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ യു.എസ് സുരക്ഷാ ഉപദേഷ്ടാവ് ജേക്ക് സള്ളിവനുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. നിർണ്ണായക നൂതന സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട വിഷയങ്ങളും മറ്റ് ഉഭയകക്ഷി വിഷയങ്ങളും ഉൾപ്പെടെ വിപുലമായ ചർച്ചകൾ നടക്കും. ഡൽഹി I.I.T. സന്ദർശിക്കുന്ന അദ്ദേഹം വിദേശകാര്യ മന്ത്രി എസ് ജയശങ്കറുമായി കൂടിക്കാഴ്ചയും നടത്തും.

===============================================

## KOCHI

ഫ്രഞ്ച് നാവിക കപ്പലുകളായ F S Forbin ഉം, F S Alsace ഉം കൊച്ചി തുറമുഖത്ത് എത്തി. ഇന്ത്യ, ഫ്രാൻസ് നാവികസേനകൾ തമ്മിലുള്ള പ്രവർത്തനക്ഷമതയും സഹകരണവും വർദ്ധിപ്പിക്കുന്നതിന് സന്ദർശനം ഉപകരിക്കും. കൊച്ചിയിലെ ദക്ഷിണ മേഖല നാവിക കമാൻഡിലെ മുതിർന്ന ഉദ്യോഗസ്ഥന്മാരുമായി ഫ്രഞ്ച് നാവിക കപ്പലുകളിലെ കമാൻഡിങ് ഓഫീസർമാർ ചർച്ച നടത്തും. ഇരു രാജ്യങ്ങളുടെയും നാവിക

സേനാംഗങ്ങൾ കപ്പൽ സന്ദർശിക്കും. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് വിദഗ്ധർ ആശയവിനിമയം നടത്തും.

==========================================

## LITTER FREE CAMPAIGN

മാലിന്യമുക്തം നവകേരളം ജനകീയ യജ്ഞത്തിൻറെ ഭാഗമായി കേരളത്തിലെ വീടുകളിലെയും സ്ഥാപനങ്ങളിലെയും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് സർവേ നടത്തും. ഇന്നു മുതൽ ഒരാഴ്ചക്കാലമാണ് സർവേ.

==========================================

## ബ്രേക്ക്......

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

==========================================

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ പഞ്ചാബ് എഫ്.സി യ്ക്കെതിരെ കേരളാ ബ്ലാസ്റ്റേഴ്സിന് ഏകപക്ഷീയമായ ഒരു ഗോളിന്റെ വിജയം. ഇന്ന് നടക്കുന്ന മത്സരത്തിൽ ഈസ്റ്റ് ബംഗാൾ എഫ്.സി - മുംബൈ സിറ്റി എഫ്.സി യെ നേരിടും. രാത്രി 7.30-ന് കൊൽക്കത്തയിലാണ് മത്സരം. 15 മത്സരങ്ങൾ പൂർത്തിയാക്കി ബ്ലാസ്റ്റേഴ്സ് 17 പോയിൻറുമായി ഒൻപതാം സ്ഥാനത്താണ്. ഈ മാസം 13-ന് ഒഡിഷയ്ക്കെതിരെ കൊച്ചിയിലാണ് ബ്ലാസ്റ്റേഴ്സിൻറെ അടുത്ത മത്സരം.

==========================================

## HIL - HOCKEY

ഒഡീഷയിലെ റൂർക്കേലയിൽ ഇന്നലെ നടന്ന ഹോക്കി ഇന്ത്യ ലീഗിൽ യു.പി രുദ്രാസിനെ എതിരില്ലാത്ത 2 ഗോളിന് തകർത്ത് തമിഴ്നാട് ഡ്രാഗൺസ് തങ്ങളുടെ ആദ്യ വിജയം കുറിച്ചു . ഈ വിജയത്തോടെ പോയിൻ്റ് പട്ടികയിൽ അവർ മൂന്നാം സ്ഥാനത്തെത്തി. ഇന്ന് ഡൽഹി എസ്.ജി പൈപ്പേഴ്സിനെ, സൂർമ ഹോക്കി ക്ലബ് നേരിടും.രാത്രി 8.15 നാണ് മത്സരം.

==========================================

## SCHOOL KALOLSAVAM -(INTRO)

63-ആമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ മൂന്നാം ദിനമായ ഇന്ന് 25 വേദികളിലായി 60-ഓളം ഇനങ്ങൾ ഇന്ന് അരങ്ങേറും.118 മത്സരങ്ങൾ പൂർത്തിയായപ്പോൾ കണ്ണൂർ ആണ് മുന്നിൽ ; തൃശൂർ രണ്ടാമതും കോഴിക്കോട് മൂന്നാമതുമാണ്. സ്കൂളുകളിൽ 65 പോയിൻറുമായി **തിരുവനന്തപുരം കാർമ്മൽ ഹയർ സെക്കൻഡറി സ്കൂളാണ് ഒന്നാമത്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**

**(വോയിസ്......)**

==============================================

## KERALA ASSEMBLY

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം ഈ മാസം 17-ന് ആരംഭിക്കും. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗവും അന്ന് നടക്കും. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിൻമേലുള്ള ചർച്ച 20, 21 തീയതികളിൽ നടക്കും.

==============================================

## WORLD DAY OF WAR ORPHANS

ഇന്ന് യുദ്ധത്തിൽ അനാഥരാക്കപ്പെട്ട കുട്ടികളുടെ അന്താരാഷ്ട്ര ദിനം. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് കുട്ടികളാണ് സംഘർഷം, കാലാവസ്ഥാ വ്യതിയാനം, കുടിയൊഴിപ്പിക്കൽ, ദാരിദ്ര്യം എന്നിവയുടെ ആഘാതങ്ങൾ നേരിടുന്നത്. ഈ കുട്ടികൾക്ക് പരിചരണവും വിദ്യാഭ്യാസവും സംരക്ഷണവും നൽകാനുള്ള കൂട്ടായ ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാണ് ദിനാചരണം.

==============================================

## SYRIA - QATAR MEETING

സിറിയയ്ക്കെതിരായ ഉപരോധം പിൻവലിക്കണമെന്ന് സിറിയൻ വിദേശകാര്യ മന്ത്രി അസദ് ഹസൻ അൽ ഷൈബാനി അമേരിക്കയോട് ആവശ്യപ്പെട്ടു. ഖത്തറിലേക്കുള്ള നയതന്ത്ര സന്ദർശനത്തിനിടെയാണ് അദ്ദേഹം ഇക്കാര്യം ആവശ്യപ്പെട്ടത്. ഉപരോധം ഭരണസംവിധാനത്തേക്കാൾ ജനങ്ങളെയാണ് ഇപ്പോൾ ബാധിക്കുന്നതെന്ന് ഹസൻ അൽ ഷൈബാനി

പറഞ്ഞു. മുൻ പ്രസിഡന്റ് ബാഷർ അൽ-അസദിനെ വിമതർ നീക്കം ചെയ്യതിന് ശേഷം, സിറിയൻ അധികാരികൾ അന്താരാഷ്ട്ര പിന്തുണ തേടുന്നതിലും സാമ്പത്തിക-രാഷ്ട്രീയ സ്ഥിരതയ്ക്കുമായുള്ള തീവ്രശ്രമത്തിലാണ്.

===============================================

## US-WINTER STORM

യു.എസിൽ, ഒരു ദശാബ്ദത്തിനിടയിലെ ഏറ്റവും കനത്ത മഞ്ഞുവീഴ്ചയ്ക്കും തണുത്ത താപനിലയ്ക്കും വഴിയൊരുക്കി വൻ ശൈത്യകാല കൊടുങ്കാറ്റ്. യു.എസിന്റെ മധ്യഭാഗത്ത് ആരംഭിച്ച കൊടുങ്കാറ്റ് അടുത്ത രണ്ട് ദിവസത്തിനുള്ളിൽ കിഴക്കോട്ട് നീങ്ങുമെന്ന് മുന്നറിയിപ്പ്.
2011-ന് ശേഷമുള്ള യു.എസിലെ ഏറ്റവും തണുപ്പുള്ള ജനുവരി മാസമാണ് പ്രതീക്ഷിയ്ക്കുന്നത്. കെന്റക്കി, വിർജീനിയ, കൻസാസ്, അർക്കൻസാസ്, മിസോറി എന്നിവിടങ്ങളിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ടുണ്ട്.

===============================================

## NORTH INDIA RAIN

ഉത്തരേന്ത്യയിൽ അതിശൈത്യം തുടരുന്നു. ഡൽഹി, പഞ്ചാബ്, ഹിമാചൽ പ്രദേശ്, ജാർഖണ്ഡ്, ബീഹാർ, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ അടുത്ത രണ്ടു ദിവസം കൂടി അതിരാവിലെ കനത്ത പുകമഞ്ഞ് തുടരുമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഹിമാചൽ പ്രദേശിൽ അടുത്ത 2 ദിവസങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴക്കും സാധ്യത ഉണ്ട്. ശക്തമായ മൂടൽമഞ്ഞ് റോഡ്, റെയിൽ, വ്യോമഗതാഗതങ്ങളെ ബാധിച്ചു.

===============================================

## CAQM- DELHI

ഡൽഹിയിലും സമീപ പ്രദേശങ്ങളിലും വായു മലിനീകരണ തോത് കുറഞ്ഞതിനെ തുടർന്ന് സ്റ്റേജ് 3 നിയന്ത്രണങ്ങൾ പിൻവലിച്ചു. വായു ഗുണനിലവാരത്തെക്കുറിച്ച് വിശകലനം ചെയ്യുന്ന കേന്ദ്ര പാനലാണ് ഇക്കാര്യം പ്രഖ്യാപിച്ചത്. അതെസമയം സ്റ്റേജ്- 1, സ്റ്റേജ് - 2 എന്നിവയ്ക്ക് കീഴിലുള്ള നിയന്ത്രണങ്ങൾ നിലനിൽക്കുമെന്നും അറിയിച്ചിട്ടുണ്ട്.

===============================================

## PAKISTAN WORLD BANK

പാകിസ്ഥാന് 20 ബില്യൺ യു.എസ് ഡോളറിന്റെ വായ്പാ പദ്ധതിക്ക് അംഗീകാരം നൽകിയതായി ലോകബാങ്ക്. ഈ മാസം 14-ന് പ്രഖ്യാപനം ഉണ്ടാകും. "പാകിസ്ഥാൻ കൺട്രി പാർട്ണർഷിപ്പ് ഫ്രെയിംവർക്ക് 2025-35" എന്ന് പേരിട്ടിരിക്കുന്ന പദ്ധതിക്കാണ് ധനസഹായം നൽകുന്നത്. പാകിസ്ഥാനിൽ ദീർഘകാല വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനാണ് ധനസഹായം വിനിയോഗിക്കുക.

==================================================

## PBD-ODISHA

18-ാമത് പ്രവാസി ഭാരതീയ ദിവസ് സമ്മേളനം ഈ മാസം 8 മുതൽ 3 ദിവസം ഒഡിഷയിലെ ഭുവനേശ്വറിൽ നടക്കും. "വികസിത ഭാരതത്തിന് പ്രവാസികളുടെ സംഭാവന" എന്നതാണ് സമ്മേളനത്തിന്റെ പ്രമേയം. 50- ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികൾ സമ്മേളനത്തിൽ പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി 9-ന് ഉദ്ഘാടനം ചെയ്യും.

==================================================

==================================================

==================================================